ശ്രീ. പി. ആർ. മാധവൻപിള്ള : ചില മാനേജ്മെന്റ് സ്കൂളുകളിലെ ഹരിജന വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾപോലും കിട്ടുന്നില്ലെന്നു് അറിയാമോ ?

ശ്രീ. കെ. വി. രാഘവൻ : അങ്ങനെ കിട്ടുന്നില്ലെങ്കിൽ അവയെപ്പറ്റി അന്വേഷിച്ചു നടപടിയെടുക്കുന്നതാണു്.

ശ്രീ. എ. എ. ഡി. ലൂയിസ് : പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് പോലും reimburse ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. വി. രാഘവൻ : കൊടുക്കുന്നുണ്ടു്.

ശ്രീ. എ. എ. ഡി. ലൂയിസ് : എത്ര രൂപവീതം കൊടുക്കുന്നുണ്ടെന്നു പറയാമോ ?

ശ്രീ. കെ. കെ. രാഘവൻ : പ്രത്യേകം ഒരു ചോദ്യമായി ചോദ്യിച്ചാൽ മറുപടി പറയാം.

## ഹരിജൻ കോളനികൾ.

*31. [3] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) ഈ സംസ്ഥാനത്തു് ആകെ എത്ര ഹരിജൻ കോളനികളുണ്ടു്;

(ബി) ഓരോ വില്ലേജിലും ഹരിജൻ കോളനികൾ സ്ഥാപിച്ചു താമസിക്കുവാൻ വീടില്ലാത്ത ഹരിജനങ്ങളെ സഹായിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. വി. രാഘവൻ):

(എ) ഈ സംസ്ഥാനത്താകെ 189 ഹരിജൻ കോളനികൾ ഉണ്ടു്.

(ബി) ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : മേൽപറഞ്ഞ കോളനികളിൽ താമസിക്കുന്നവർക്കു് എന്തെല്ലാം സഹായങ്ങളാണു് ഗവണ്മെന്റ് ചെയ്യുന്നതെന്നു പറയാമോ ?

ശ്രീ. കെ. രാഘവൻ : താമസിക്കാനുള്ള സ്ഥലം അനുവദിച്ചിട്ടുണ്ടു്. വീടുവെക്കാൻ നിവൃത്തിയില്ലാത്തവർക്കു് വീടുകെട്ടി കൊടുത്തിട്ടുണ്ടു്. കുടിക്കാൻ ശുദ്ധജലം കിട്ടുന്നതിനുവേണ്ടി ചില സ്ഥലങ്ങളിൽ കിണർ കുഴിക്കുകയും, മറ്റു ചില സ്ഥലങ്ങളിൽ വാട്ടർസപ്ലൈ മുഖാന്തിരം സൗകര്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കോളനികളിൽ താമസിക്കുന്നവർക്കു കുടിക്കാൻ വെള്ളം കിട്ടുന്നില്ലായെന്ന പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. വി. രാഘവൻ : വേനൽക്കാലമാകുമ്പോൾ ചില സ്ഥലങ്ങളിൽ വെള്ളം കുറഞ്ഞുപോയി എന്നു വരാം. എന്നല്ലാതെ നിശ്ശേഷം വെള്ളം കിട്ടുന്നില്ലായെന്നു വിചാരിക്കാൻ ന്യായമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വെള്ളം കിട്ടുന്നില്ലാ എന്നു ബോദ്ധ്യപ്പെട്ടാൽ അതിലേയ്ക്കു വേണ്ട നടപടികളും കൈക്കൊള്ളാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വേണ്ട നടപടികളും ഗവണ്മെൻറ് സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : കാളനികളിൽ നശിച്ചുപോയിട്ടുള്ള വീടുകളും ജീർണ്ണോദ്ധാരണം ചെയ്യുന്നതിനു വേണ്ടി നടപടികളെടുക്കാൻ നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നടപടികളെടുക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറ് ആലോചിച്ചു വരികയാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : എന്തു നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നശിച്ചുപോയ വീടുകളെ സംബന്ധിച്ച് ഡിപ്പാർട്ട്മെൻറ് മേലധികാരികളും മുഖാന്തിരം അന്വേഷണം നടത്തിയതിനുശേഷം ആവശ്യമായിട്ടുള്ള നടപടികളെടുക്കുന്നതാണ്.

ശ്രീ. കെ. എ. ബാലൻ : കാളനിയിൽ പ്രവേശനം കൊടുക്കുന്നതിനെ സംബന്ധിച്ച് എന്തു മാനദണ്ഡമാണ് വച്ചിരിക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്വന്തമായി ഭൂമിയില്ലാത്തവരായ സാധുക്കൾക്കാണ് കാളനിയിൽ താമസിക്കാൻ അനുവാദം കൊടുക്കുന്നതു്.

ശ്രീ. കുട്ടപ്പൻ കോഴിക്കൽ : അങ്ങനെയാണെങ്കിൽ ഗിരിപ്രദേശങ്ങളിലാണ് സാധുക്കൾ ധാരാളമുള്ളതു്, അവർക്കു താമസിക്കുന്നതിനായി കാളനികളും ഇല്ലെന്നും അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനി ഒരു സ്ഥലത്തു നിർമ്മിക്കുന്നതിനെ ആ സ്ഥലത്തുള്ള സാധുക്കളേയും, സ്ഥലസൗകര്യത്തേയും ആസ്പദമാക്കിയാണ്. ധാരാളം സാധുക്കളും, അതേസമയം ധാരാളം പുറംപോക്കു സ്ഥലങ്ങളും ഉള്ള സ്ഥലങ്ങളിലായിരിക്കും മിക്കവാറും കാളനികൾ സ്ഥാപിക്കുന്നതു്. എന്നാൽ ഗിരിപ്രദേശങ്ങളിൽ പുറംപോക്കു സ്ഥലങ്ങളില്ലാത്തതുകൊണ്ടു് അവിടങ്ങളിൽ കാളനി സ്ഥാപിക്കാൻ അത്ര എളുപ്പമല്ല.

ശ്രീ. കെ. സി. എബ്രഹാം : കാളനിക്കു സൗകര്യമില്ലാത്ത സ്ഥലങ്ങളും, അതേസമയം സാധുക്കളായ അനവധി ആളുകളും താമസിക്കുന്നതുമായ സ്ഥലങ്ങളിലല്ലേ യഥാർത്ഥത്തിൽ കാളനി ഉണ്ടാക്കുകൊടുക്കേണ്ടതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനിക്കു സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന സാധുക്കൾക്കു മറ്റു രക്ഷാപ്രവർത്തനം ചെയ്തുകൊടുത്തിട്ടുണ്ടു്. അതിനു വേണ്ടിയാണ് കുടിയൊഴിപ്പിക്കൽ ബിൽ കൊണ്ടുവന്നു നടപ്പിൽ വരുത്തിയിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. എബ്രഹാം : കുടികിടപ്പുകാർ ബില്ല് വന്നതുകൊണ്ട് തീരപ്രദേശങ്ങളിൽ കോളനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നാണോ പറയുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉദ്ദേശമില്ലാത്തതുകൊണ്ടല്ല. എന്നാൽ മറ്റു സ്ഥലങ്ങളിലുള്ളതുപോലെ സൗകര്യം അവിടങ്ങളിൽ കിട്ടുകയില്ല.

ശ്രീ. കെ. എ. ബാലൻ : സാധുക്കളായ ഹരിജനങ്ങളും മറ്റും കൂടുതൽ താമസിക്കുന്ന സ്ഥലങ്ങളായ കഴിപ്പിള്ളി, ചെറായി മുതലായ സ്ഥലങ്ങളിൽ കോളനികൾ സ്ഥാപിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവിടെയും ഉണ്ട്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : പുറമ്പോക്ക് സ്ഥലങ്ങളിൽ കൈയേറ്റം ചെയ്ത് കുടിൽ കെട്ടി താമസിക്കുന്നവർക്ക് അവിടെത്തന്നെ താമസിച്ചുകൊള്ളുവാൻ അനുവാദം കൊടുത്തിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സാധുക്കളായ പട്ടികജാതിക്കാരാണെങ്കിൽ അവരെ അവിടെ താമസിച്ചുകൊള്ളാൻ അനുവദിക്കും.

ശ്രീ. പി. എസ്. നടരാജപിള്ള : കോളനികൾ അല്ലാതെ തുണ്ടുതുണ്ടായി കിടക്കുന്ന പുറമ്പോക്ക് സ്ഥലങ്ങളിൽ ഹരിജനങ്ങൾക്കുവേണ്ടി താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെയും കൊടുക്കാവുന്നതാണ്.

ശ്രീ. കെ. എ. ബാലൻ : ഹരിജനങ്ങളുടെ താമസസൗകര്യത്തെ മാത്രമാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രധാനമായി ഉദ്ദേശിക്കുന്നത് അതാണ്.

ശ്രീ. കെ. എസ്. കൃഷ്ണൻ ശാസ്ത്രി : സംസ്ഥാനത്തു 189 ഹരിജൻ കോളനികൾ ഉണ്ടെന്നു പറഞ്ഞു. ഈ കോളനികളിലുള്ള വീടുകൾ ഒക്കെ ഗവണ്മെൻറ് കെട്ടിക്കൊടുത്തിട്ടുള്ളതാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറ് കെട്ടിക്കൊടുത്തതും അല്ലാത്തതും ഉണ്ട്.

ശ്രീ. പി. എം. മാക്കോസ് : ഹരിജനങ്ങളിൽനിന്നും ക്രിസ്ത്യാനികളായി കൺവെർട്ട് ചെയ്തിട്ടുള്ളവർക്ക് വീടുകെട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വീടില്ലാത്തവർക്ക് വീടു കെട്ടി കൊടുക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറിൽനിന്നും ഒരു പദ്ധതി ഏർപ്പെടുത്തിയിരിക്കുകയാണ്. അതായതു്, സെറ്റിൽമെൻറ് പദ്ധതി. ആ പദ്ധതിയുടെ പ്രവർത്തനം അനുസരിച്ച് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് അവ ലഭിക്കുന്നതാണ്.

ശ്രീ. പി. നാരായണൻപോറ്റി : സ്വന്തമായി ഭൂമിയുള്ള ഹരിജനങ്ങൾക്കും, കോളനിയിൽ വീടു കെട്ടി കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഭൂമിയുള്ളവർക്കു കൊടുക്കുന്ന പതിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ നായർ : സ്വന്തമായി ഭൂമിയുള്ള ഹരിജനങ്ങളുടെ ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിലേയ്ക്കു പ്രത്യേകിച്ചു് കണക്കു് ഒന്നും എന്റെ കൈവശമില്ല.

ശ്രീ. എൻ. ജി. ചാക്കോ : വീടു വെച്ചു കൊടുത്തിട്ടുള്ള ചില കോളനികളിൽ ആളുകൾ താമസിക്കാതിരിക്കുന്നുണ്ടു്. അതിനു വല്ല കാരണവും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹരിജൻ കോളനികളിൽ അങ്ങനെയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഹരിജൻ കോളനികൾ വിപുലീകരിക്കുന്നതിനു് എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കൂടുതൽ കോളനികൾ സ്ഥാപിക്കണമെന്നാണു് ഗവണ്മെന്റു് വിചാരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : കൂടുതൽ എത്ര കോളനികളാണു് ഉണ്ടാക്കാൻ പോകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : എത്രയാണെന്നു വണ്ണിതമായി പറയാൻ നിവൃത്തിയില്ല.

## ആതുരപത്രി കണ്ടിൻജൻസി ജീവനക്കാർ.

* 32. [4] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പു മന്ത്രി ദയവു മറുപടി പറയുമോ :

(എ) ആതുരപത്രി കണ്ടിൻജൻസി ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനു് അവരുടെ മെമ്മോറാണ്ടത്തിൽ എന്തെല്ലാം ആവശ്യങ്ങളാണു് ഉന്നയിച്ചിരുന്നതു്;

(ബി) എന്തെല്ലാം പരിഹാരങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ എ. എ. റഹിം) : ആതുരപത്രി കണ്ടിൻജൻസി ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനു് അവരുടെ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളുടെ ഒരു ലിസ്റ്റു് * മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) ആക്ടിംഗിൽ കഴിവു വരുന്ന സ്ഥാനങ്ങളിലേയ്ക്കു് അവരെ നിയമിക്കുക, പെൻഷൻ അനുവദിക്കുക, മുതലായ കാര്യങ്ങളിൽ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. ഗോപാലൻ: മേശപ്പുറത്തു ലിസ്റ്റു് വച്ചതിൽ അതിനെ സംബന്ധിച്ചു് ചോദ്യം ചോദിക്കാൻ പ്രയാസമുള്ളതുകൊണ്ടു് ആ കാര്യങ്ങൾ പറഞ്ഞാൽ സൌകര്യമായിരിക്കും.

* Please See Appendix I

LIBRARY ARCHIVES Kerala Legislative Assembly